# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *213

14.12.2015-ലെ മറുപടിക്ക്

## "പീപ്പിൾസ് ഓൺ ടൂറിസം" പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) ടൂറിസം വികസനത്തിനായി പീപ്പിൾസ് ഓൺ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ടൂറിസം വികസനത്തിനായി 'ഗോഡ്സ് ഓൺ കൺട്രി - പീപ്പിൾസ് ഓൺ ടൂറിസം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) ഒരു പ്രദേശത്തിന്റെ ടൂറിസം വികസന സാദ്ധ്യതകൾ ജനകീയമായി കണ്ടെത്തി റിസോഴ്സ് മാപ്പിംഗ് വഴി അത്തരം പ്രദേശങ്ങളെ പരസ്പര ബന്ധിതമായി വളർത്തിക്കൊണ്ടു വരിക; തദ്ദേശ ജനവിഭാഗങ്ങൾക്ക് ടൂറിസം വികസനത്തിന്റെ ഗുണഫലങ്ങൾ ലഭ്യമാകുന്ന വിധത്തിൽ ചെറുതും വലുതുമായ ടൂറിസം സംരംഭങ്ങളെ പ്രാദേശികമായി വികസിപ്പിക്കുക. തദ്ദേശവാസികൾക്ക് ടൂറിസം അനുബന്ധമായ വിവിധ തൊഴിൽ പരിശീലനങ്ങൾ ലഭ്യമാക്കുക; തദ്ദേശീയമായ ഉത്സവങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, പരമ്പരാഗത തൊഴിലുകൾ എന്നിവയ്ക്ക് ഊന്നൽ നൽകി വ്യത്യസ്തവും നൂതനവുമായ ടൂർ പാക്കേജുകൾ വികസിപ്പിക്കുകയും അവ ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുകയും ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ ഘട്ടങ്ങളിലായി ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |

(മറുപുറം...)

| | |
|---|---|
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം? | (സി) പദ്ധതി നടപ്പാക്കുന്നതിനായി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽ നിന്നായി 112 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 25 ലക്ഷം രൂപ അനുവദിക്കുകയും പുതുതായി 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

Anuradha

**സെക്ഷൻ ഓഫീസർ**